**യോഹന്നാന്റെ ജീവ-പഠനം**

**ദൂത് ഇരുപത്തിമൂന്ന്**

**മരിച്ചവരുടെ ആവശ്യം—ജീവന്റെ പുനരുത്ഥാനം (1)**

**തിരുവെഴുത്ത് വായന: യോഹന്നാൻ 11:1-57**

**C. ജീവൻ, മനുഷ്യന്റെ സകല അവസ്ഥയുടെയും ആവശ്യത്തെ നിറവേറ്റുന്നു—2:23—11:57**

**9. മരിച്ചവന്റെ ആവശ്യം—ജീവന്റെ പുനരുത്ഥാനം—11:1-57**

a. മരിച്ചവനും അവന്റെ ആവശ്യവും—വാ. 1-4

b. മനുഷ്യ അഭിപ്രായങ്ങളാലുള്ള തടസ്സം—വാ. 5-40

c. ജീവന്റെ പുനരുത്ഥാനം—വാ. 41-44

d. മതത്തിന്റെ ഗൂഢാലോചനയും ദൈവമക്കളെ കൂട്ടിവരുത്തുവാനായി ജീവന്റെ പകരംവയ്ക്കുന്ന മരണവും—വാ. 45-57

11:1-57~omitted.

**തിങ്കൾ:**

**പഠന രൂപരേഖ:**

**I. മരിച്ചവനും അവന്റെ ആവശ്യവും—11:1-14**

1. ലാസർ രോഗി മാത്രമല്ല എന്നാൽ മരിച്ചവനും ആയിരുന്നു. അതുകൊണ്ട് അവന്റെ ആവശ്യം രോഗസൗഖ്യമല്ല പുനരുത്ഥാനമായിരുന്നു
2. കർത്താവിന്റെ രക്ഷയിൽ അവൻ രോഗികളെ സൗഖ്യമാക്കുക മാത്രമല്ല, അവൻ മരിച്ചവർക്ക് ജീവൻ നൽകുകയും ചെയ്യുന്നു. അതുകൊണ്ട് രോഗിയായവൻ മരിക്കുന്നതു വരെ രണ്ടു ദിവസം അവൻ കാത്തുനിന്നു

**ചൊവ്വ:**

**II. മാനുഷികാഭിപ്രായങ്ങൾ എന്ന തടസ്സം**

1. ഇവിടെ പറഞ്ഞിരിക്കുന്നത് അവസാനത്തെ സംഭവമാണ്
2. മതത്തിന്റെ എതിർപ്പിനു പുറമേ മാനുഷികാഭിപ്രായങ്ങളും ജീവന് കടുത്ത തടസ്സമാണെന്ന് പതിനൊന്നാം അദ്ധ്യായം നമ്മെ കാണിക്കുന്നു
3. മാനുഷികാഭിപ്രായങ്ങൾ കീഴടക്കപ്പെട്ടുകഴിഞ്ഞാൽ, പുനരുത്ഥാനജീവൻ വെളിപ്പെടും
4. യെരുശലേമിൽ നിങ്ങൾ മതത്തിലാണ്, ബേഥാന്യയിൽ നിങ്ങൾ സ്ഥലംസഭയിലാണ്. യെരുശലേമിൽ നിങ്ങൾക്ക് മതമുണ്ട്; സ്ഥലംസഭയിൽ മാനുഷികാഭിപ്രായങ്ങളാലുള്ള പ്രശ്നമുണ്ട്.
5. ക്രിസ്തുവിന്റെ പുനരുത്ഥാനശക്തിയെ പ്രദർശിപ്പിക്കുവാൻ മരണസാഹചര്യം ദൈവത്തിന്റെ സർവ്വാധികാരം ഒരുക്കി.
6. മരണം കൂടാതെ പുനരുത്ഥാനം പ്രദർശിപ്പിക്കുവാൻ മറ്റൊരു മാർഗ്ഗവുമില്ല. ഇത് മാർത്തയും മറിയയും കണ്ടിരുന്നുവെങ്കിൽ, തങ്ങളുടെ സഹോദരൻ മരിക്കുന്നത് കണ്ടപ്പോൾ അവർ കർത്താവിനെ സ്തുതിക്കുമായിരുന്നു.

**ബുധൻ:**

**A.** ശിഷ്യന്മാരുടെ അഭിപ്രായം—11:8-16
1. ഇവിടെ നാം ശിഷ്യന്മാരുടെ മാനുഷികാഭിപ്രായം കാണുന്നു.
2. കർത്താവ് പോകുവാൻ ആഗ്രഹിക്കാതിരുന്നപ്പോൾ അവർ അന്തംവിട്ടു. കർത്താവ് പോകുവാൻ തുടങ്ങിയപ്പോൾ പോകേണ്ട ആവശ്യമില്ലെന്ന് അവർ ചിന്തിച്ചു.

**B.** മാർത്തയുടെ അഭിപ്രായം
1. അവൾക്ക് ഒരിക്കലും നിശബ്ദയായിരിക്കുവാൻ കഴിയാത്തവണ്ണം അവൾ തന്റെ അഭിപ്രായങ്ങളിൽ സജീവമായിരുന്നു
2. അവളുടെ പഴയതും നേരത്തെ സ്വായത്തമാക്കിയതുമായ അറിവ് കർത്താവിന്റെ പുതിയ വചനം മനസ്സിലാക്കുന്നതിൽനിന്നു അവളെ തടഞ്ഞു.

**C.** മറിയയുടെ അഭിപ്രായം
1. കർത്താവ് ഞരങ്ങിയത് ലാസറിന്റെ മരണം നിമിത്തമല്ല, പിന്നെയോ ദുഃഖിച്ചിരിക്കുന്നവരിൽ ഒരുവൻ പോലും, തങ്ങളുടെ അഭിപ്രായം മുഖാന്തരം അവൻ ഇപ്പോഴത്തെ പുനരുത്ഥാനമായിരുന്നുവെന്ന് അറിഞ്ഞില്ല എന്ന വസ്തുത മൂലം ആയിരുന്നു

**D.** യെഹൂദന്മാരുടെ അഭിപ്രായം

**വ്യാഴം:**

**E.** മാർത്തയുടെ അഭിപ്രായം വീണ്ടും
1. കർത്താവ് കല്ലറയ്ക്കൽ എത്തിയപ്പോൾ, കല്ല എടുത്തുമാറ്റുവാൻ അവൻ അവരോട് പറഞ്ഞപ്പോൾ ഒരിക്കൽകൂടി, മാർത്ത അവളുടെ അഭിപ്രായത്താൽ കർത്താവിനെ തടഞ്ഞു.
2. സഭയിലെ ജനത്തിന് കർത്താവ്, ജീവൻ ആണെങ്കിലും, സഭയിലെ ജനത്തിൽനിന്ന് വളരെയധികം മാനുഷികാഭിപ്രായങ്ങൾ അവൻ നേരിടുന്നു.

**F.** അറിവിന്റെ വൃക്ഷത്തിൽനിന്നുള്ള അഭിപ്രായങ്ങൾ ജീവവൃക്ഷത്തിന് എതിര്
1. അഭിപ്രായങ്ങളെല്ലാം മനുഷ്യന്റെ മനസ്സിൽനിന്ന് പുറത്തുവരുന്നു. അതുകൊണ്ട് അവയെല്ലാം ജീവവൃക്ഷത്തിന് എതിരായ അറിവിന്റെ വൃക്ഷത്തിൽനിന്നുള്ളവയാണ്.
2. നാം നമ്മുടെ അഭിപ്രായങ്ങളുമായി നിൽക്കുമ്പോൾ, നമ്മുടെ പുനരുത്ഥാനജീവനായി കർത്താവിനെ ആസ്വദിക്കുന്നതിൽനിന്ന് നാം അകന്നു നിൽക്കുന്നു

**III. ജീവന്റെ പുനരുത്ഥാനം**

**A.** മരിച്ചവർക്ക് ജീവൻ നൽകുന്നു
1. കർത്താവ് പുനരുത്ഥാനം എന്ന നിലയിൽ മരിച്ചവർക്ക് ജീവൻ നൽകുന്നു

**B.** മനുഷ്യന്റെ വിധേയത്വവും സഹകരണവും ആവശ്യം
1. കർത്താവിന് ലാസറിനെ മരണത്തിൽനിന്ന് ഉയിർപ്പിക്കുവാൻ കഴിയുമായിരുന്നു. എന്നിരുന്നാലും, ഒന്നും അവന് ചെയ്യുവാൻ കഴിഞ്ഞില്ല, കാരണം അവനെ തുടർച്ചയായി മാനുഷികാഭിപ്രായങ്ങൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.
2. അവർ കീഴ്പെട്ടതായ സമയം വരുന്നതുവരെ അവരുടെ അഭിപ്രായങ്ങൾ അവന് തടസ്സമായിരുന്നു.

3. നാം നമ്മുടെ അഭിപ്രായം ഉപേക്ഷിക്കുകയും സംസാരിക്കുവാൻ കർത്താവിനെ അനുവദിക്കുകയും വേണം
4. കല്ലറയിൽനിന്ന് കല്ല് നീക്കുവാനും, ലാസറിന്റെ കെട്ട് അഴിച്ചുമാറ്റുവാനും കർത്താവിന് മാനുഷിക സഹകരണത്തിന്റെ ആവശ്യമുണ്ടായിരുന്നു.
5. ഇത്തരത്തിലുള്ള സഹകരണത്താൽ സഭ ജീവനായ കർത്താവിന്റെ സാക്ഷ്യമായിത്തിരുന്നു.
6. നമുക്ക് അവനോട് സഹകരിക്കുവാൻ കഴിയുന്നതിനു മുമ്പ് നാം ആദ്യം നമ്മുടെ അഭിപ്രായങ്ങൾ ഉപേക്ഷിക്കുകയും അവന്റെ ഇഷ്ടപ്രകാരം പ്രവർത്തിക്കുകയും ചെയ്യണം

**C.** മരണത്തെ ജീവനായി വാസ്തവമായി മാറ്റുന്നത്

1. മരിച്ചവരെ ഉയിർപ്പിക്കുക എന്നാൽ വാസ്തവമായി മരണത്തെ ജീവനിലേക്ക് മാറ്റുക എന്നാണ്. ഈ സംഭവത്തിന്റെ അർത്ഥം വെള്ളത്തെ വീഞ്ഞാക്കി മാറ്റുന്ന അടയാളത്തിന്റേതുതന്നെയാണ്.

## വെള്ളി:

**ചോദ്യങ്ങൾ:**

1. ഒന്നാം അദ്ധ്യായം മുതൽ പത്താം അദ്ധ്യായം വരെയുള്ള എല്ലാ അദ്ധ്യായങ്ങളിലും മതം ക്രിസ്തുവിന് എപ്രകാരം എതിരാണ് എന്നത് ചുരുക്കത്തിൽ വിവരിക്കുക.
2. ജീവന് എതിരായി യെരുശലേമിലും ബേഥാന്യയിലുമുള്ള പ്രശ്ങ്ങൾ എന്താണ്?
3. ശിഷ്യന്മാർ, മാർത്ത, മറിയ, യെഹൂദന്മാർ എന്നിവരുടെ അഭിപ്രായത്തെ ചുരുക്കത്തിൽ വിവരിക്കുക
4. കർത്താവിന് ലാസറിനെ മരണത്തിൽനിന്ന് ഉയിർപ്പിക്കുവാൻ ആവശ്യമായ രണ്ട് കാര്യങ്ങൾ ഏതൊക്കെ. ഓരോന്നും ചുരുക്കത്തിൽ വിവരിക്കുക